"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ - മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി 2.0 - ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ ഭേദഗതി വരുത്തിയും, പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(പി.പി)വകുപ്പ്**

സ.ഉ.(കൈ) നം.193/2025/LSGD തീയതി,തിരുവനന്തപുരം, 25-10-2025

---

പരാമർശം:-
1. 29.11.2024 ലെ LSGD-DB2/392/2024-LSGD-Part(1) നമ്പർ സർക്കുലർ.
2. 20.01.2025 ലെ സ.ഉ.(കൈ)നം.14/2025/LSGD.
3. 12.02.2025 ലെ സ.ഉ.(കൈ)നം.30/2025/LSGD.
4. 19.05.2025 ലെ സ.ഉ.(കൈ)നം.80/2025/LSGD.
5. 11.07.2025 ലെ സ.ഉ.(കൈ)നം.118/2025/LSGD.
6. 20.08.2025ലെ സ.ഉ.(കൈ)നം.153/2025/LSGD.

**ഉത്തരവ്**

2024-25 ലെ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 1000 കോടി രൂപ വിനിയോഗിച്ച് സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള 3540 റോഡുകളുടെ പുനരുദ്ധാരണത്തിന് പരാമർശം (2) പ്രകാരം "തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ" ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നു.

2. പരാമർശം (3) പ്രകാരം ഇപ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ നിന്ന് 66 റോഡുകൾ ഒഴിവാക്കിയും, പകരം 84 റോഡുകൾ കൂട്ടിച്ചേർത്തും ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. പരാമർശം (4) പ്രകാരം പദ്ധതിയുടെ പേര് Chief Minister's Local Road Rebuild

Project - 2.0 (CMLRRP -2.0) എന്ന് പുനർനാമകരണം ചെയ്തും, വിവിധ പ്രവൃത്തികൾക്ക് പകരം റോഡുകൾ ഉൾപ്പെടുത്തിയും, 244 പുതിയ റോഡുകൾക്ക് ഭരണാനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

4. പരാമർശം (2) മുതൽ (4) വരെയുള്ള ഉത്തരവുകൾ പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ DSoR 2018 ൽ നിന്നും DSoR 2021 ലേക്ക് മാറുന്നതിന്റെ ഭാഗമായി അധിക തുക ആവശ്യമുള്ള 586 പ്രവൃത്തികൾക്ക് അധികമായി ആവശ്യം വരുന്ന 19.58 കോടി രൂപ അനുവദിക്കണമെന്നുള്ള തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ശിപാർശ അംഗീകരിച്ചും, DSoR 2018 ൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതും DSoR 2021 ലേക്ക് പരിവർത്തനം ചെയ്യുമ്പോൾ തുക ഭരണാനുമതി തുകയ്ക്കുള്ളിൽ ആയതിനാൽ അധിക തുക ആവശ്യമില്ലാത്തതുമായ പ്രവൃത്തികൾക്ക് DSoR 2021 ൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് അനുമതി നൽകിക്കൊണ്ടും പരാമർശം (5) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

5. പരാമർശം (6) പ്രകാരം മുൻ ഉത്തരവുകൾ പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ വിവിധ പ്രവൃത്തികൾ ഭേദഗതി വരുത്തിയും, 83 പുതിയ റോഡുകൾക്ക് ഭരണാനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

6. പരാമർശം (2) മുതൽ (6) വരെയുള്ള ഉത്തരവുകൾ പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടിക പ്രകാരം പ്രവൃത്തികൾ ഭേദഗതി വരുത്തിയും, പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയും ഉത്തരവാകുന്നു.

7. പരാമർശം (2) മുതൽ (6) വരെയുള്ള ഉത്തരവുകൾ മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രീത.കെ.എസ്.

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്.

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

ധനകാര്യ വകുപ്പ്

ട്രഷറി ഡയറക്ടർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള,തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

വിവര - പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manju L S
സെക്ഷൻ ഓഫീസർ
Date: 25-10-2025 15:45:50